## Muslim Wakf Validating Bill.

**Mr. K. Mohamed Seethi.**—I beg to move for leave to introduce the bill entitled the Muslim Wakf Validating Bill.

**Mr. K. Ayyappan.**—I second it.

*Motion put and carried.*

## Cochin Tenancy and Kudiyiruppu Bill.

**Mr. T. A. Ramachandra Ayyar.**—I move for leave to introduce the Cochin Tenancy and Kudiyiruppu Bill.

**Mr. A. Eachara Menon.**—I second it.

*Motion put and carried.*

## Resolutions on Matters of General Public Interest.

### 17. Appointments to M. L. Cs. (*Cont.*)

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—സർ, ഒന്നാമതായി നമുക്ക് ആലോചിക്കേണ്ടതു് ഈ നിയമസഭക്കു് എന്തെല്ലാം അധികാരങ്ങളാണു ഉള്ളതു് എന്നാണു്. ഇതിന്റെ അധികാരം ഉപദേശംചെയ്യുന്ന ഒരു സഭ എന്നല്ലാതെ അതിൽ കവിഞ്ഞ യാതൊരധികാരവുമില്ല. ഇങ്ങനെയുള്ള ഒരു സഭയിൽ ഇപ്പോൾ എല്ലാം കൂടി ൪൭ മെമ്പർമാരോളമുണ്ടു്. അതിൽ ൧൨ പേർ ഗവമ്മെൻറുദ്യോഗസ്ഥന്മാരും, ൯ പേർ ഗവമ്മെൻറിന്റെ ഇഷ്ടപ്രകാരം നാമനോറു ചെയ്തിട്ടുള്ള മെമ്പറന്മാരുമാണു്. ഇങ്ങനെയിരിക്കുന്നസ്ഥിതിക്കു് ആ ൧൭ മെമ്പറന്മാരും ഗവമ്മെൻറു മെമ്പറന്മാർ എന്നതന്നെ പറയാം. പിന്നെ ബാക്കിയുള്ള മെമ്പറന്മാരിൽ നിന്നും ൩ മെമ്പറന്മാർ കൂടി ഗവവമ്മെൻറു ഭാഗത്തേക്കു ചാരി നിന്നാൽ ഈ തിരഞ്ഞെടുത്തിട്ടുള്ള മെമ്പറന്മാരുടെ അധികക്ഷി ഈ കൌൺസിലിൽ ഉണ്ടാകുന്നതല്ല. അതിലേയ്ക്കു് ഗവമ്മെൻറിൽ നിന്നും ഇപ്പോൾ പെൻഷൻ വാങ്ങാത്ത ഉദ്യോഗസ്ഥന്മാക്കു മെമ്പറന്മരായിരിയ്ക്കാം എന്നൊരു നിശ്ചയം വച്ചിട്ടുണ്ടു്. അങ്ങനെയിരിയ്ക്കേ ഇവരിൽ ഒരാളെ ലാറാൻ ഉദ്യോഗസ്ഥനാക്കുകയും, വേറൊരാളെ ഗവമ്മെൻറു് അഡ്വക്കേറ്റിന്റെ അസിസ്റ്റൻറാക്കുകയും, മറെറാരാളെ ഹജൂർ സിക്രട്ടറിയേറ്റിൽ നിയമിക്കുകയും, പിന്നെ ഒന്നോ രണ്ടോ ആളുകളെ ഉദ്യോഗം തരാമെന്നു പറഞ്ഞു അവരിൽ മോഹം ജനിപ്പിയ്ക്കുകയും ചെയ്തുകഴിഞ്ഞാൽ ഒരുകാലത്തും ഈ കൌൺസിലിൽ തിരഞ്ഞെടുത്ത മെമ്പറന്മാരുടെ അധികക്ഷി ഉണ്ടാകുകയില്ല. അതുകൊണ്ടു് ഇപ്പോഴത്തെ പോലെ ഈ കൌൺസിലിലുള്ള മെമ്പറന്മാക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉദ്യോഗങ്ങളെ ഇല്ലാതാക്കുകയാണു് ചെയ്യേണ്ടതു്. ഇന്നലെ ഈഴവ മെമ്പർ പറഞ്ഞതു് ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നാൽ പിന്നെ ഈ കൌൺസിലിനു് നല്ല മെമ്പറന്മാരെ കിട്ടുകയില്ല എന്നാണു്. അതായതു് M A. B. L;-ം B. A. B. L;-ം ജയിച്ച മെമ്പറന്മാരെ കിട്ടുകയില്ല എന്നാണു് അതിന്റെ അർത്ഥം. ഓരോ സൂത്രങ്ങൾ പ

LIBRARY ARCHIVES Kerala Legislative Assembly